# 35. ഇന്ത്യയുടെ ധനസ്ഥിതി

ബജററ് അവതരിപ്പിക്കുംമുമ്പ് പാർലമെൻറിൽ രാഷ്ട്രത്തിൻെറ അതാതു വർഷത്തെ പൊതു ധനസ്ഥിതിയെപ്പററി ഒരു 'സർവേക്ഷണം' (ഇക്കണോമിക് സർവ്വേ)ധനകാര്യമന്ത്രി സമർപ്പിക്കാറുണ്ട്. അടുത്ത ബജററിൽ ഉൾപ്പെടുത്തിയേക്കാവുന്ന പുതിയ നികുതികളെയും നികുതിയിളവുകളെയുംപററിയുള്ള സൂചനകൾ ഊററിയെടുക്കാൻ മാത്രമേ ഈ നിരീക്ഷണത്തെ സാധാരണ ഉപയോഗപ്പെടുത്താറുള്ളൂ. ഈ സർവേക്ഷണം പത്രങ്ങളിൽ പൂർണമായി പ്രസിദ്ധീകരിച്ചു കാണാറുമില്ല. തികച്ചും സാങ്കേതികവും ദശാംശ സംഖ്യകൾകൊണ്ടുള്ള ചെപ്പടിക്കളികളിൽ ഒതുങ്ങുന്നതും, വസ്തുതകളെ വ്യക്തമാക്കുന്നതിലേറെ മറയ്ക്കുന്നതിൽ തല്പരവും ആകയാൽ, ഈ സർവേക്ഷണത്തിൽ പൊതുജനശ്രദ്ധ പതിഞ്ഞില്ലെങ്കിൽ അത്ഭുതമില്ല.

എങ്കിലും, രാഷ്ട്രത്തിൻെറ ധനസ്ഥിതിയിൽ എല്ലാ പൗരന്മാരും തല്പരരായിരിക്കണമല്ലോ. വ്യക്തികൾ പാപ്പരാകുംപോലെ രാഷ്ട്രങ്ങളും പാപ്പരാകാറുണ്ട്. രാഷ്ട്രം പാപ്പരായാൽ അതിൻെറ ദുഷ്ഫലം ഇപ്പോഴത്തെ തലമുറ മാത്രമല്ല, വരും തലമുറകൾകൂടി അനുഭവിക്കേണ്ടിവരും. രാഷ്ട്രത്തിൻെറ സാമ്പത്തികാരോഗ്യം തകരാറിലാണെന്നു കാണിക്കുന്ന ലക്ഷണങ്ങളാണു നാണ്യപ്പെരുപ്പം, വിലക്കയററം, നാണയത്തിൻെറ വിനിമയനിരക്കിൽ വന്നുചേരുന്ന ഇടിവ് എന്നിവ. അഭ്യസ്തവിദ്യരായ പൗരന്മാരെങ്കിലും, രാജ്യത്തിൻെറ ധനസ്ഥിതിയിൽ ഇത്തരം ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോൾ ജാഗരൂകരാവുകയും, സർക്കാരിൻെറ സാമ്പത്തികനയങ്ങളെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കുകയുംചെയ്യേണ്ടതു് ജനാധിപത്യത്തിൻെറ സുസ്ഥിതിക്ക് അനുപേക്ഷണീയമാണ്. ആ നിലയിൽ, ധനകാര്യമന്ത്രിയുടെ സാമ്പത്തിക സർവേക്ഷണം സശ്രദ്ധമായ പഠനം അർഹിക്കുന്നു.

1983 ഫെബ്രുവരി 22–ാം തീയതി പാർലമെൻറിൽ ധനകാര്യമന്ത്രി പ്രണാബ് മുഖർജി അവതരിപ്പിച്ച 1982–83–ലെ ധനകാര്യ സർവേ, രാഷ്ട്രത്തിൻെറ ധനസ്ഥിതിയുടെ അർത്ഥപൂർണമായ ഒരു മൂർത്തചിത്രം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നില്ല. എങ്കിലും ആ സർവേക്ഷണത്തിലടങ്ങിയ വസ്തുതകൾതന്നെ ധാരാളം ചിന്തയ്ക്കു വക നൽകുന്നുണ്ട്.

സർക്കാരിൻെറ ചെലവുകൾ വർദ്ധിച്ചുവരികയാണെന്നതാണ് മുഖ്യമായ കാര്യം. ആറാം പഞ്ചവത്സരപദ്ധതി നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഈയാണ്ടിലെ പദ്ധതിച്ചെലവ് 21,082 കോടി രൂപയാണ്. 1983–84–ൽ ഈയിനത്തിൽ 24,082 കോടി രൂപ ചെലവു വരുമെന്നു കണക്കാക്കപ്പെടുന്നു. ഈ വർദ്ധനയിൽ പകുതി കേന്ദ്രവിഹിതത്തിലാണ്; പകുതി സ്റ്റേററ്വിഹിതത്തിലും. രാജ്യരക്ഷാസന്നാഹങ്ങൾക്കു വേണ്ടിയുള്ള കേന്ദ്രസർക്കാരിൻെറ ചെലവുകൾ ത്വരിതഗതിയിൽ വദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ സ്ഫോടകമായ അന്താരാഷ്ട്ര കാലാവസ്ഥയിൽ, പ്രത്യേകിച്ചും പക്കിസ്ഥാൻെറ ആയുധവല്ക്കരണത്വരണം കണക്കിലെടുക്കുമ്പോൾ, രാജ്യരക്ഷാച്ചെലവുകൾ വർദ്ധിക്കാതിരിക്കുന്നതു മൗഢ്യമായേക്കും. വിലകളിലും കൂലിയിലും ശമ്പളത്തിലും വന്നുകൊണ്ടിരിക്കുന്ന കയററം ഫലമായി ഭരണച്ചെലവുകളും എല്ലാ പ്രതീക്ഷകളെയും കവിഞ്ഞു പെരുകിക്കൊണ്ടിരിക്കുന്നു.

പല അത്യാവശ്യസാധനങ്ങൾക്കും നാം ഇപ്പോഴും അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അസംസ്കൃത എണ്ണ വിദേശങ്ങളിൽനിന്നു വാങ്ങാൻ 1981—82—ൽ നാം 5,185 കോടി രൂപ ചെലവാക്കി. 1982—83—ൽ ഈ ആവശ്യത്തിനു് 5,447 കോടി രൂപ ചെലവാകമത്രെ. യന്ത്രങ്ങൾ, യുദ്ധോപകരണങ്ങൾ, ന്യൂസ്പ്രിൻറും സിമൻറും രാസവളങ്ങളും പോലെയുള്ള നിത്യോപയോഗസാധനങ്ങൾ മുതലായി വേറെയും പല സാധനങ്ങളും നാം വിദേശങ്ങളിൽനിന്നു വാങ്ങുന്നുണ്ടു്.

ഇവയുടെ വില വിദേശനാണ്യങ്ങളായി കൊടുത്തു തീർക്കണമല്ലോ. ഇന്ത്യയിൽനിന്നു കയററി അയയ്ക്കുന്ന സാധനങ്ങളുടെ വില, മററു നാടുകളിൽ വേല ചെയ്യുന്ന ഇന്ത്യക്കാർ അവിടെ സമ്പാദിച്ചു് ഇന്ത്യയിലേക്കയയ്ക്കുന്ന പണം, അന്യരാജ്യങ്ങളിൽനിന്നു് (സർക്കാരുകളിൽനിന്നും ബാങ്കുകളിൽനിന്നും) കിട്ടുന്ന കടം എന്നിവയാണു് വിദേശനാണ്യമായി ഇന്ത്യാഗവണ്മെൻറിൻെറ കൈയിൽ വന്നുചേരുന്നതു്. ഇന്ത്യയിൽനിന്നു കയററി അയയ്ക്കുന്നതു് അധികവും അസംസ്കൃത കാർഷികവിഭവങ്ങളോ, കൈത്തറിത്തുണി, കയർ മുതലായവപോലെയുള്ള അർദ്ധസംസ്കൃതവിഭവങ്ങളോ ആണു്. ലോകമാർക്കററിൽ കാർഷികോല്പന്നങ്ങൾക്കുള്ള വിലയെക്കാൾ എത്രയോ കൂടുതലാണു് ഇന്ത്യൻ മാർക്കററിൽ അവയ്ക്കുള്ള വില. ഉദാഹരണത്തിനു് ഇന്ത്യയിൽ കശുവണ്ടിയുടെ വില ബ്രസീലിൽ കശുവണ്ടിക്കുള്ള വിലയുടെ ഇരട്ടിയാണത്രേ. റബ്ബർ മുതലായ മററു് ഉല്പന്നങ്ങളുടെ സ്ഥിതിയും ഇതുതന്നെ. അതിനാൽ ഇന്ത്യയിൽനിന്നു കാർഷികോല്പന്നങ്ങളുടെ കയററുമതി ആണ്ടുതോറും കുറഞ്ഞുവരികയാണു്. മററുനാടുകളിലെ ഇന്ത്യക്കാർ അവരുടെ ശമ്പളത്തിൽനിന്നു് 1980—81—ൽ 3,749 കോടി രൂപ ഇന്ത്യയിലേക്കയയ്ക്കുകയുണ്ടായി. 1981—82—ൽ ഈ തുകയിൽ സാരമായ കുറവു് ഉണ്ടായി. വിദേശങ്ങളിൽ ഇന്ത്യാക്കാരുടെ ജോലിസാദ്ധ്യത കുറഞ്ഞുവരുന്ന ക്രമത്തിനു് ഈ തുക ഇനിയും ചുരുങ്ങും. ഈ പരിതഃസ്ഥിതിയിൽ അന്താരാഷ്ട്രനാണയ നിധി നൽകിയ കടമാണു് ഇപ്പോൾ നമ്മുടെ വിദേശവ്യാപാരത്തെ താങ്ങി നിലനിർത്തുന്നതു്. 1982—83—ൽ 1,920 കോടി രൂപ നാം നാണയനിധിയോടു കടം വാങ്ങിയിട്ടുണ്ടു്. നമുക്കു കടം നൽകുന്നവർ വേറെയുമുണ്ടു്. ഈ കടത്തിൻെറയൊക്കെ മുതലും പലിശയും നാം അടച്ചുതീർക്കാതെ തരമില്ല. വരാനിരിക്കുന്ന തലമുറയുടെ തലയിൽ വമ്പിച്ച കടബാദ്ധ്യത കെട്ടിവച്ചുകൊണ്ടാണു് ഇന്നത്തെ മോശമായ നിലയിലെങ്കിലും, നമ്മുടെ ഈ മഹാരാജ്യം നാളുകൾ കഴിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നതു്.

അന്നന്നത്തെ ചെലവു നടത്താനും കടം വീട്ടാനും നാട്ടിനകത്തെ ഉല്പാദനം വർദ്ധിപ്പിക്കുകയല്ലാതെ മററു മാർഗമൊന്നുമില്ല. ഇന്ത്യ ഇപ്പോഴും മുഖ്യമായി ഒരു കാർഷികരാജ്യംതന്നെ. കൃഷിയാണു് ഇന്ത്യയുടെ മുഖ്യവരുമാനമാർഗം. പക്ഷേ, ഇന്ത്യയിൽ കൃഷിവളർച്ച മുട്ടിനിൽക്കുകയാണു്. കഴിഞ്ഞ ആണ്ടിലേക്കാൾ ഒന്നോ, രണ്ടോ ശതമാനം കുറവായിരിക്കും 1982—83—ലെ കാർഷികോല്പന്നമെന്നു് പ്രയുക്ത സാമ്പത്തിക ഗവേഷണത്തിനുള്ള ദേശീയകൗൺസിലിൻെറ പ്രസ്താവനയിൽ കണ്ടിരുന്നു. ഇക്കഴിഞ്ഞ കാലവർഷവും തുലാവർഷവും ഇന്ത്യയിൽ മിക്ക സ്ഥലങ്ങളിലും പിഴച്ചിരിക്കയാണു്. ഇതിൻഫലമായി കടുത്ത വരൾച്ച പല സ്റ്റേററുകളിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഏതാനും മാസം മുമ്പു വെള്ളപ്പൊക്കംമൂലം ഏറെ കൃഷിനാശമുണ്ടായി. ഇതിൻെറയൊക്കെ ഫലമായി കാർഷികോല്പാദനം ഇപ്പോൾത്തന്നെ ഗണ്യമായി കുറഞ്ഞിരിക്കുന്നു. 1981—82—ലെ വിളവിനെക്കാൾ പതിമൂന്നരക്കോടിയോളം ടൺ കുറവാണു് 1982—83—ലെ ഭക്ഷ്യധാന്യോല്പാ

ദനം. ഈ കുറവ് കുറേക്കാലത്തേക്കുകൂടി തുടരാനും സാദ്ധ്യതയുണ്ട്. 'പുതുതായി തൊണ്ണൂറുലക്ഷം ഹെക്ടർ പ്രദേശത്തുകൂടി ജലസേചനം നടപ്പാക്കുകയും, ഇരുപതുലക്ഷം ടൺ രാസവളം കൂടുതലായി ഉപയോഗിക്കുകയുംചെയ്തിട്ടും, ഭക്ഷ്യധാന്യോല്പാദനരംഗത്തിൽ പറയത്തക്ക വളർച്ചയൊന്നും ഉണ്ടായിട്ടില്ല. ഇന്ത്യയുടെ കാർഷികവിളകളുടെ കാര്യത്തിലും ഗണ്യമായ അസംതുലനമുണ്ട്. 1979–80–ൽ ഭക്ഷ്യധാന്യകരുതൽ ശേഖരത്തിൽ വന്ന കുറവുമൂലവും, കാലാവസ്ഥ അനുകൂലമല്ലാതിരുന്നതിനാലും, മറുനാടുകളിൽനിന്ന് ഇങ്ങോട്ട് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ടിവന്നു. അതേസമയം എണ്ണവിത്തുകളിലും പയർവർഗങ്ങളിലും കമ്മിയെ നാം നേരിട്ടുകൊണ്ടുമിരിക്കുന്നു' എന്ന് ധനകാര്യമന്ത്രിയുടെ സാമ്പത്തികസർവേക്ഷണത്തിൽ പറയുന്നു. 1982–83–ലും നാം ഗണ്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ വിദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തിട്ടുണ്ട്.

1981–82–ലെക്കാൾ 4.3 ശതമാനം ഉല്പാദനവർദ്ധന 1982–83–ൽ ഇന്ത്യൻ വ്യവസായരംഗത്തു് ഉണ്ടായിട്ടുണ്ടത്രേ. പക്ഷേ, 1980–81–ൽ നിന്ന് 1981–82–ൽ ഉണ്ടായ വർദ്ധനനിരക്കിനേക്കാൾ താഴെയാണിതു്. ഈ വർദ്ധനയിൽ അധികവും ഉണ്ടായതു് പഞ്ചസാരയുടെ ഉല്പാദനത്തിലാണ്. തുണി, റെയിൽവേ വാഗൺ, ചണം, ട്രാക്ടർ, വാഹനങ്ങൾ എന്നിവയുടെ രംഗത്തു് ഉല്പാദനം കുറഞ്ഞു.

ഇന്ത്യയിലെ വ്യവസായങ്ങളിൽ പ്രാധാന്യം ഇപ്പോഴും തുണിവ്യവസായത്തിനുതന്നെ. ബോംബെയിലെ തുണിമില്ലുകളിൽ പണിമുടക്ക് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഇതിൻഫലമായി 1983 ജനുവരി 31 വരെ 48,43,500 തൊഴിൽ ദിവസങ്ങൾ നഷ്ടപ്പെട്ടു. 1982 ഡിസംബർ 31 വരെ 200 കോടി രൂപ വിദേശനാണ്യം നേടാമായിരുന്ന തുണിക്കയറ്റുമതിയും മുടങ്ങിയിരിക്കുന്നു. മററു വ്യവസായങ്ങളുടെ സ്ഥിതിയും ശോഭനമല്ല. പവർകട്ട് നിമിത്തം പല വ്യവസായശാലകളിലും ഭാഗികമായേ പണി നടക്കുന്നുള്ളു. ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു നാട്ടിനകത്തു് ആവശ്യക്കാരും കുറവാണ്. ബോംബെയിലെ തുണിമിൽതൊഴിലാളികളുടെ പണിമുടക്കം ഇല്ലായിരുന്നുവെങ്കിൽ, ഇന്ത്യയിലെ മാർക്കററുകളിൽ കുന്നുകൂടുന്ന തുണികൾ വിററഴിക്കുക പ്രയാസമാകുമായിരുന്നു.

കല്ക്കരിഉല്പാദനത്തിൽ ഈയാണ്ടിൽ 4.2 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്. വിദ്യുച്ഛക്തി ഉല്പാദനവും 7.2 ശതമാനം കണ്ട് കൂടി. തീവണ്ടി, തുറമുഖങ്ങൾ എന്നിവയുടെ പ്രവർത്തനവും മെച്ചമായി. എന്നിട്ടും, ഈയിടെ യാത്രക്കൂലിയും ചരക്കുകടത്തുകൂലിയും കുത്തനെ വർദ്ധിപ്പിച്ചിട്ടും റയിൽവേകൾ ആണ്ടിൽ 283.17 കോടി രൂപ നഷ്ടം രാഷ്ട്രത്തിനു വരുത്തിവെക്കുന്നതായി പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

ദുർഘടമായ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യുന്നതിന് സാമ്പത്തിക പ്രത്യുല്പാദനത്തിനുതകാത്ത പദ്ധതി ബാഹ്യങ്ങളായ ചെലവുകൾ കർശനമായി നിയന്ത്രിക്കേണ്ടതിൻെറ ആവശ്യം ധനകാര്യമന്ത്രി സാമ്പത്തികസർവേക്ഷണത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതോടൊപ്പം നികുതികൾ കുടിശ്ശിക വരുത്താതെ പിരിച്ചെടുക്കുകയും ഇപ്പോഴുള്ള വ്യാവസായിക നിക്ഷേപങ്ങളിൽനിന്നു കൂടുതൽ വരുമാനമുണ്ടാക്കുകയുംവേണം. കള്ളപ്പണത്തിൻെറ വിനാശകരമായ വളർച്ച തടയുന്നതിനു നിയമങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മന്ത്രിമാർ വിദേശപര്യടനം ഒഴിവാക്കുക മുതലായി ചെലവു ചുരുക്കുന്നതിനുള്ള മററു നിർദേശങ്ങളും ധനകാര്യമന്ത്രി ഉന്നയിച്ചിരിക്കുന്നു. പക്ഷേ, പാഴ്ച്ചെലവുകൾ പെരുപ്പിക്കുന്നതിനും, പൊതു

സ്ഥാപനങ്ങളിൽനിന്നുള്ള നഷ്ടം ആണ്ടോടാണ്ട് അധികമാകുന്നതിനും ഉല്പാദനകാര്യങ്ങളിൽ ശ്രദ്ധിക്കാതിരിക്കുന്നതിനുമുള്ള പ്രവണതയാണ് ഇന്ത്യയിലെ മിക്ക സർക്കാരുകളും തുടർച്ചയായി പ്രകടിപ്പിച്ചുവരുന്നത്. ധൂർത്തിനും ധാരാളിത്തത്തിനും മേൽ നിയന്ത്രണമില്ലാതാവുന്ന തോതിനു് അത്യാവശ്യച്ചെലവുകൾക്കുപോലും പണമില്ലെന്ന സ്ഥിതി വന്നുചേരുകയും ചെയ്യുന്നു.

ഇതിന്റെയൊക്കെ ഫലമെന്ത്?

1960–ൽ നൂറുപൈസ വിലയുണ്ടായിരുന്ന ഒരു രൂപയ്ക്ക് ഇന്ത്യയിൽ 1982–ൽ 20.12 പൈസ വിലയേ ഉണ്ടായിരുന്നുള്ളു. അതായത്, 1960–ൽ 20 പൈസ കൊടുത്താൽ കിട്ടിയിരുന്നത്ര നിത്യോപയോഗ സാധനങ്ങളേ 1982–ൽ ഒരു രൂപ കൊടുത്താൽ കിട്ടിയിരുന്നുള്ളു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 1960–ൽ ഒരു രൂപയ്ക്കു കിട്ടിയിരുന്ന നിത്യോപയോഗസാധനങ്ങൾ വാങ്ങാൻ 1982–ൽ അഞ്ചു രൂപ കൊടുക്കണമായിരുന്നു. ഇതു പറഞ്ഞത് ആരെന്നല്ലേ? ഇന്ത്യയുടെ ധനകാര്യമന്ത്രി ശ്രീ പ്രണാബ് മുഖർജിതന്നെ. രാജ്യസഭയിൽ ഫെബ്രുവരി 22–ാം തീയതിചെയ്ത പ്രസ്താവനയിലാണ് അദ്ദേഹം ഈ വിവരം വെളിപ്പെടുത്തിയതു്. ഇരുപതു കൊല്ലംകൊണ്ട് സാധാരണക്കാരന്റെ ജീവിതഭാരം അഞ്ചിരട്ടിയാക്കുകയാണു നാം ചെയ്തത്. നാലു പഞ്ചവത്സരപദ്ധതികളുടെ അതുല്യമായ നേട്ടം.

വ്യക്തികൾക്കെന്നപോലെ, വ്യക്തികളുടെ സമഷ്ടി ആയ രാഷ്ട്രത്തിനുമുണ്ട് ഭാഗ്യവും നിർഭാഗ്യവും, സമ്പത്തും ദാരിദ്ര്യവും എല്ലാം. സ്വന്തം ധനസ്ഥിതിയെന്നപോലെ, രാഷ്ട്രത്തിന്റെ ധനസ്ഥിതികൂടി എല്ലാ പൗരന്മാരും മനസ്സിലാക്കിയിരിക്കുന്നതു നന്നു്.

രാഷ്ട്രത്തിന്റെ ധനസ്ഥിതി ജനങ്ങളെ അറിയിക്കാൻ ഓരോ ആണ്ടിലും ബജറ്റ് അവതരിപ്പിക്കുംമുമ്പ്, ഒരു സാമ്പത്തികസർവേക്ഷണം സർക്കാർഭാഗത്തുനിന്നു പാർലമെന്റിൽ അവതരിപ്പിക്കാറുണ്ട്. 1984 ഫെബ്രുവരി 27–ാം തീയതിയാണു ധനകാര്യമന്ത്രി പ്രണാബ് മുഖർജി ഈ രേഖ പാർലമെന്റിനു സമർപ്പിച്ചത്.

നിർഭാഗ്യമെന്നു പറയട്ടെ മലയാളത്തിലെ ഒരു പത്രവും ഈ രേഖ പൂർണമായി പ്രസിദ്ധപ്പെടുത്തിയതായി കണ്ടില്ല. അതിനെപ്പറ്റി വിശദമായ പഠനങ്ങളും കേരളത്തിൽ ഇതെഴുതുംവരെ നടക്കുകയുണ്ടായില്ല. അടിസ്ഥാനപ്രാധാന്യമുള്ള കാര്യങ്ങളിലല്ലല്ലോ നമുക്കു താല്പര്യം. ഉപരിപ്ലവങ്ങളായ വിഷയങ്ങളേ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കാറുള്ളു. അതിരിക്കട്ടെ, ഈ രേഖയിൽ പ്രതിഫലിച്ചുകാണുന്ന ഇന്ത്യയുടെ തനതു് ആണ്ടിലെ (1983–1984–ലെ)ധനസ്ഥിതി നമുക്ക് ഇവിടെ വളരെ സംക്ഷിപ്തമായി അവലോകനംചെയ്യാം.

ധനം ഉണ്ടാകുന്നതു് മുഖ്യമായും കൃഷി, വ്യവസായം, ഖനനം എന്നീ പ്രവർത്തനങ്ങളിൽനിന്നാണ്. കടുത്ത വരൾച്ചകൾക്കുശേഷം ഈയാണ്ടിൽ ഇന്ത്യയിലെങ്ങും നല്ല മഴ കിട്ടി. അതിൻഫലമായി കഴിഞ്ഞ ആണ്ടിനെ അപേക്ഷിച്ച് ഒമ്പതുശതമാനം കൂടുതൽ കാർഷികോല്പാദനം 1983–1984–ൽ ഉണ്ടാകുമെന്നാണു പ്രതീക്ഷ. 1982-83–ൽ കാർഷികോല്പാദനം പ്രതീക്ഷിച്ചിരുന്നതിനേക്കാൾ 4 ശതമാനം കുറവായിരുന്നു. ഈ നഷ്ടം നികത്തി മുന്നേറാൻ ഈയാണ്ടിൽ നമുക്കു കഴിയും. ഇക്കഴിഞ്ഞ ഖരീഫ് (മഴക്കാലവിള)മാത്രമല്ല, വരാനിരിക്കുന്ന റാബി (വേനൽക്കാലവിള)യുംനന്നാവാനാണിട. കൂടുതൽ സ്ഥലത്തു ജലസേചനം എത്തിക്കുന്നുണ്ട്. ഉള്ള ജലസേചനസൗകര്യം കൂടുതൽ (92.5 ശതമാനം) ഉപയോഗപ്പെടുത്തുന്നുമുണ്ട്. അധികോല്പാദന വിത്തിനങ്ങളുടെ ഉപയോഗ

വും വർദ്ധിച്ചുവരികയാണ്. പൊതുവേ, കാർഷികരംഗം നൽകുന്ന ചിത്രം ആശാവഹമത്രേ.

വ്യവസായത്തിന്റെ അടിസ്ഥാനങ്ങളിലൊന്ന് വിദ്യുച്ഛക്തി ആണല്ലോ. കഴിഞ്ഞ ആണ്ടിലെ വരൾച്ചമൂലം വൈദ്യുതിയുടെ ഉല്പാദനം വളരെ കുറഞ്ഞുപോയി. ഈ കുറവ് ഇനിയും പൂർണമായി നികത്തിക്കഴിഞ്ഞിട്ടില്ല. എങ്കിലും, ഈയാണ്ടിലെ ആദ്യത്തെ ഒമ്പതു മാസങ്ങളിൽ വൈദ്യുതിയുടെ ഉല്പാദനം കഴിഞ്ഞആണ്ടിൽ ഇതേ കാലത്തെക്കാൾ 5.1 ശതമാനം വർധിച്ചിട്ടുണ്ട്. ഈ വർധന 6 ശതമാനത്തോളമാകാനും സാധ്യതയുണ്ട്. ഇതേ കാലയളവിൽ കൽക്കരി ഉല്പാദനവും 4.8 ശതമാനവും വർദ്ധിച്ചിട്ടുണ്ട്.

വിദ്യുച്ഛക്തിയുടെ അലഭ്യതകൊണ്ടും സാമ്പത്തികമാന്ദ്യംകൊണ്ടും കഴിഞ്ഞആണ്ടിൽ വ്യാവസായികോല്പാദനം ഗണ്യമായി കുറയുകയുണ്ടായി. ഈ ആണ്ടിലും ആദ്യത്തെ ആറുമാസം സ്ഥിതി ഇതുതന്നെ ആയിരുന്നു. പിന്നീട് ഉല്പാദനം അഭിവൃദ്ധിപ്പെട്ടുതുടങ്ങി. വർഷാവസാനത്തിൽ, കഴിഞ്ഞ ആണ്ടിലേക്കാൾ വ്യാവസായികോല്പാദനം 4.5 ശതമാനം കൂടലാവാൻ സാധ്യതയുണ്ട്.

വിദേശവ്യാപാരത്തിൽ ആണ്ടോടാണ്ട നമുക്ക നഷ്ടം നേരിട്ടുകൊണ്ടിരിക്കുകയാണ്. കയറ്റുമതിയിൽനിന്നുള്ള വരുമാനത്തിനു പുറമെ 1981–82–ൽ ഇറക്കുമതിയിനത്തിൽ 5802 കോടി രൂപ നാം മറ്റു രാജ്യങ്ങൾക്കു കൊടുക്കേണ്ടിവന്നു. ഈ പ്രതികൂലവ്യാപാരശിഷ്ടം 1982–83–ൽ 5526 കോടി രൂപയായി കുറഞ്ഞു; 1983–84–ൽ ഇതു് 5000 കോടി രൂപയായി കുറയാൻ സാധ്യതയുണ്ട്. ആകെയുള്ള ആഭ്യന്തര–ഉല്പാദനത്തിന്റെ 2.7 ശതമാനമത്രെ ഈ പ്രതികൂലവ്യാപാരശിഷ്ടം. ഇതു് അത്ര ഗൗരവമുള്ള കാര്യമല്ല എന്നു കരുതപ്പെടുന്നു. പ്രതികൂലവ്യാപാരശിഷ്ടം ഇത്രയെങ്കിലും കുറഞ്ഞതു് ബോംബെകടലിൽനിന്നും കിട്ടുന്ന അസംസ്കൃത എണ്ണ കുറെ കയററി അയയ്ക്കുന്നതുകൊണ്ടാണ്. അതേസമയം എണ്ണ നാം ഇറക്കുമതിചെയ്യുന്നു. ഗൾഫിലും മററും പണിയെടുക്കുന്ന ഇന്ത്യക്കാരുടെ വിദേശനാണ്യസമ്പാദ്യമാണു മറെറാരു സഹായകരമായ വസ്തുത. അതായതു് ഇറക്കുമതിക്കനുസരിച്ചു സാധനങ്ങൾ കയററി അയയ്ക്കാനുള്ള കഴിവു് ഇനിയും നമ്മുടെ വ്യവസായത്തിനു കൈവന്നിട്ടില്ല. ഇന്ത്യൻ വ്യാവസായികോല്പന്നങ്ങളുടെ ഗുണനിലവാരം ഇനിയുമെത്രയോ അഭിവൃദ്ധിപ്പെടാനുണ്ട്. ലോകകമ്പോളത്തിൽ മത്സരിക്കാൻ കഴിയണമെങ്കിൽ ഇന്ത്യൻചരക്കുകളുടെ ഉല്പാദനച്ചെലവും വളരെയധികം കുറച്ചുകൊണ്ടുവരണം. ഉദാഹരണത്തിനു ലോകകമ്പോളത്തിലെ കടലാസുവിലയുടെ ഇരട്ടിയാണ് ഇന്ത്യയിൽ കടലാസുവില. ഈ നിലയ്ക്കു നാം എങ്ങനെ കടലാസ് ഉണ്ടാക്കി കയററിയയച്ചു ലാഭമുണ്ടാക്കും? ഇന്ത്യയിലെ മിക്ക ചരക്കുകളുടെയും സ്ഥിതി ഇതുതന്നെ.

ഇന്ത്യയുടെ വിദേശക്കടം വർദ്ധിച്ചുവരികയാണ്. മറ്റുചില രാജ്യങ്ങളെപ്പോലെ നാം കടംകേറി പാപ്പരാവേണ്ട ഘട്ടം എത്തിയിട്ടില്ല. എന്നാലും 1982–83–ൽ കടപ്പലിശയും മുതലിന്റെ അംശവുമായ 948 കോടി രൂപ നാം മറുനാട്ടുകാർക്കു തിരിച്ചുകൊടുക്കേണ്ടിവന്നു. 1983–84–ൽ ഈ ഇനത്തിൽ 1025 കോടി രൂപയാണു നാം തിരിച്ചടയ്ക്കേണ്ടതു്. 1982–84–ൽ നാം 2576 കോടി രൂപ മറുനാട്ടുകളിൽനിന്നു പുതുതായി കടം വാങ്ങി. ഇതിനർത്ഥം പലിശയിനത്തിലും മററും കൂടുതൽ രൂപ നാം വരുംകൊല്ലങ്ങളിൽ മറുനാട്ടുകളിലേക്ക് അയയ്ക്കണമെന്നാണ്. ഇന്നത്തെ തലമുറയുടെ ധാരാളിത്തത്തിനു നാളത്തെ തലമുറ നല്കേണ്ട വിലയാണു വർധിച്ചുവരുന്ന വിദേശകടം. നമ്മുടെ ധനസ്ഥിതിയുടെ ചിത്രത്തിലെ ഒരു നിഴൽവശം ആണിതു്.

രാജ്യത്തിനകത്തു സാധനവിലകൾ കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആണ്ടിൽ പറഞ്ഞു കേട്ടതു് വിലകൾ നിയന്ത്രണവിധേയങ്ങളായിട്ടുണ്ടെന്നാണ്. എന്നാൽ, 1984 ജനുവരിയിൽ, സാധനവിലകൾ 10.7 ശതമാനം വർദ്ധിച്ചതായി സാമ്പത്തികസർവേക്ഷണം വെളിപ്പെടുത്തുന്നു. യഥാർത്ഥത്തിലുള്ള വിലവർദ്ധന ഇതിലുമധികമാണ്. പൈസ നമ്മുടെ നിത്യവ്യവഹാരത്തിൽനിന്നു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. അമ്പതു പൈസയ്ക്കു താഴെയുള്ള തുക ഉപേക്ഷിക്കാനും, അതിനു മീതെ ഒരു രൂപവരെയുള്ള തുക ഒരു രൂപയായി കണക്കാക്കാനും റെയിൽവേ ബജററിൽ നിർദേശമുണ്ട്. പൊതുവേ മാർക്കററിൽ നിലവിലുള്ള പ്രവണതയാണ് ഇതു കാണിക്കുന്നതു്. പൈസയുടെ വില ഇല്ലാതായിരിക്കുന്നു. അഥവാ രൂപയ്ക്കു പൈസയുടെ വിലയേ ഉള്ളൂ എന്നായിരിക്കുന്നു. ഇന്തോനേഷ്യയിൽ മുമ്പത്തെ ഒരു പൈസയുടെ വിലയേ ഇന്ന് ഒരു രൂപയ്ക്കുള്ളൂ (ഒരു ഡോളർ—സമം—ആയിരം ഇന്തോനേഷ്യൻ രൂപ). ഇന്ത്യയിലും ഈ നില വന്നുചേർന്നു കൂടായ്കയില്ല.

സർക്കാരിൻെറ ചെലവുകൾ വർദ്ധിച്ചുവരുകയാണ്. കൂടുതൽ നികുതി പിരിച്ചു കൂടുതൽ ചെലവു നടത്തിക്കൊണ്ടുപോകാനുള്ള സാദ്ധ്യത ഇന്ത്യയിൽ കുറവാണ്. ഇപ്പോൾത്തന്നെ ലോകത്തിൽ ഏററവുമധികം ഉയർന്ന നികുതിനിരക്കാണ് ഇന്ത്യയിലുള്ളതു്. നേരിട്ടു നികുതി ചുമത്തുന്നതു കഴിയുന്നതും കുറച്ച്,വില്പന നികുതി മുതലായ, നേരിട്ടല്ലാതെയുള്ള, നികുതികൾ ചുമത്തി നികുതിഭാരം പണക്കാരുടെ ചുമലുകളിൽനിന്ന് പാവങ്ങളുടെ ചുമലിലേക്കു കൂടുതൽ കൂടുതൽ മാററിക്കൊണ്ടിരിക്കുകയാണു നമ്മുടെ ഗവണ്മെൻറുകൾ. ഈ സമ്പ്രദായം തുടരാനാണു സാദ്ധ്യത. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ പലപ്പോഴും വമ്പിച്ച മുതൽ മുടക്കി നഷ്ടം ഉണ്ടാക്കുകയാണുചെയ്യുന്നതു്. റെയിൽവെ ഒരു ഉദാഹരണം. ഇതേ സമയം, യന്ത്രസാമഗ്രികളും പാതകളും മററും നവീകരിക്കപ്പെടുന്നുമില്ല. ഇതിൻെറയെല്ലാം ഫലമായി പൊതുമേഖല കൂടുതൽ കൂടുതൽ രാഷ്ട്രത്തിനു ഭാരമായിക്കൊണ്ടിരിക്കുന്നു. നികുതിവെട്ടിപ്പുകാരെ പിടികൂടുന്നതിൽ സർക്കാർ വിമുഖമോ, അസമർത്ഥമോ ആണ്. ഇന്ത്യൻ സമ്പദ്ഘടനയിൽ എൺപതു ശതമാനത്തോളം കള്ളപ്പണമാണ് ഒഴുകുന്നതെന്നു പറയപ്പെടുന്നു.

ചുരുക്കത്തിൽ, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഇപ്പോഴും, മഴയെ ആശ്രയിച്ചു നിലകൊള്ളുന്ന ഒരു ദുർബല—കാർഷിക സമ്പദ്‌വ്യവസ്ഥയാണ്.

ചാരിത്രനിഷ്ഠയുള്ള നേതാക്കൾ, സത്യസന്ധമായ വാർത്താവിതരണം, ശക്തവും ന്യായനിഷ്ഠവുമായ ഭരണം, അച്ചടക്കമുള്ള പൗരസഞ്ചയം....ഇതൊക്കെയാണ് ഒരു രാഷ്ട്രത്തിൻെറ സമ്പദ്‌വ്യവസ്ഥയെ ഉൽക്കർഷത്തിലേക്കു നയിക്കുന്ന ഘടകങ്ങൾ. പക്ഷേ, ഇന്ത്യയിൽ ഇതെല്ലാം വിദൂര....വിദൂര....വിദൂരസ്വപ്നങ്ങൾ മാത്രം!

(29 ഫെബ്രുവരി, 1984)

## 36. ഗാന്ധിജിയുടെ ഒസ്യത്ത്

ഒക്ടോബർ രണ്ടാം തീയതി മഹാത്മാഗാന്ധിയുടെ ഒരുനൂററിപ്പതിനാലാം പിറന്നാൾ ഇന്ത്യയിലൊട്ടുക്ക് ആഘോഷിക്കപ്പെടാതിരിക്കയില്ല. ചടങ്ങുകളിൽ വീഴ്ച വരുത്തുന്നവരല്ലല്ലോ നാം.